# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പഠനം</u>

728 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഇടക്കിടെ ഉണ്ടാകുന്ന ഭൂചലനം മൂലം മുല്ലപ്പെരിയാർ ഡാമിൽ ദുരന്തം സംഭവിച്ചിലുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് പഠനം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പഠനം നടത്തുവാൻ ആരെ ഏല്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ പ്രദേശത്ത് ഭൂമാപിനികൾ സ്ഥാപിച്ച് ഭൂചലനം സൂക്ഷ്മമായി വിശകലനം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇതിന് ദുരന്തനിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷനിംഗ്</u>

729 ശ്രീ. വർക്കല കഹാർ
'' കെ. ശിവദാസൻ നായർ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷനിംഗ് പരിശോധന ആരംഭിച്ചുവോ;

(ബി) ഏത് ഏജൻസിയെയാണ് പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്നത്;

(സി) പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ സ്ഥലങ്ങളാണ് പരിശോധനയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്;

(ഇ) ഈ പരിശോധന സംഘത്തെ തമിഴ്നാട് തടഞ്ഞുവോ; എങ്കിൽ കാരണം വ്യക്തമാക്കുമോ:

(എഫ്) പരിശോധന പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

‘പെരിയാർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ - കേരള‘ രൂപീകരണം

730 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ‘പെരിയാർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ - കേരള‘ രൂപീകരിക്കുന്നകാര്യം സർക്കാർ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) സൂപ്രിംകോടതി നിർദ്ദേശിച്ച മുല്ലപ്പെരിയാർ ഉന്നതാധികാര സമതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സർക്കാർ ഇതിനകം നൽകുക ഉണ്ടായോ ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാനാകും എന്നറിയിക്കാമോ ;

(സി) കേന്ദ്ര ജലവിഭവ കമ്മീഷൻ, സൂപ്രിംകോടതി നിർദ്ദേശിച്ച ഉന്നതാധികാര സമിതി എന്നിവരെ കൂടാതെ ഏതൊക്കെ ഏജൻസികളുടെ നിർദ്ദേശങ്ങൾ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കും ;

(ഡി) പഴയ ഡാം നിലനിർത്തുമോ ; അല്ലെങ്കിൽ പൊളിച്ചു നീക്കുമോ ; ഇതിനകം ലഭ്യമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മുല്ലപ്പെരിയാർ അണക്കെട്ട് 'ഡീ കമ്മീഷനിംഗ്'

731 ശ്രീ. പി.എ. മാധവൻ
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ' ഡീ കമ്മീഷനിംഗ്' ചെയ്യുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുമ്പോൾ നിലവിലുള്ള ഡാം എന്തു ചെയ്യണമെന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ ;

(സി) സുപ്രിംകോടതിയുടെ ഉന്നത അധികാര സമിതി മുൻപാകെ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) പുതിയ ഡാം നിർമ്മിക്കുമ്പോൾ പഴയ ഡാമിന്റെ ' ഡീ കമ്മീഷനിംഗ്' സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാത്തത് വീഴ്ചയായി കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി

732 ശ്രീ. സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി നിർദ്ദേശിച്ച മുല്ലപ്പെരിയാർ ഉന്നതാധികാരസമിതിയുടെ മുമ്പാകെ സമർപ്പിക്കേണ്ട നിർദ്ദേശങ്ങളെക്കുറിച്ച് ധാരണയായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഴയ ഡാം പൊളിക്കുന്നതിനെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ;

(ഡി) പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഡാമിലേയ്ക്ക് എങ്ങനെയാണ് ജലമൊഴുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതു സംബന്ധിച്ച സാദ്ധ്യതാ റിപ്പോർട്ട്</u>

733 ശ്രീ. ബെന്നി ബെഹനാൻ
,, എം.എ. വാഹീദ്
,, ഐ.സി. ബാലകൃഷ്ണൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നത് സംബന്ധിച്ച സാദ്ധ്യതാ റിപ്പോർട്ട് ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാദ്ധ്യതാ റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ട് ഉന്നതാധികാര സമിതി പരിഗണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ റിപ്പോർട്ടിൻമേൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ജലനിധി രണ്ടാംഘട്ട പദ്ധതി

734 ശ്രീ. സി. ദിവാകരൻ
'' കെ. അജിത്
'' ചിറ്റയം ഗോപകുമാർ
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടപദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാംഘട്ട ജലനിധി പദ്ധതി എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഒരു പഞ്ചായത്തിൽ ഈ പദ്ധതി എത്രകാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ആസൂത്രണം, നിർവ്വഹണം, നിർവ്വഹണാനന്തര ഘട്ടങ്ങൾ എന്നിവയ്ക്കായി എത്ര സമയം വീതം നീക്കിവച്ചിട്ടുണ്ട്;

(ഡി) രണ്ടാംഘട്ടത്തിൽ ഗുണഭോക്തൃ വിഹിതം എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നപടികൾ

735 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പരാധീനത മൂലം പൂർത്തീകരിക്കുവാൻ സാധിക്കാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന 40 ഓളം ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുവാനായി പദ്ധതി രേഖ തയ്യാറാക്കി 2010-ൽ കൂടിയ എസ്.എൽ.എസ്.എസ്.സി.യിൽ സമർപ്പിച്ച് 181.2 കോടി രൂപയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടും സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.എൽ.എസ്.എസ്.സി. അംഗങ്ങൾ ആരൊക്കെയായിരുന്നു;

(സി) മുൻകാലങ്ങളിൽ എസ്.എൽ.എസ്.എസ്.സി. അംഗീകാരം ലഭിച്ച പദ്ധതികൾ ഭരണാനുമതിക്കായി സി.ടി.ഇ.ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിക്ക് സി.ടി.ഇ. യുടെ അനുമതി ആവശ്യമുണ്ടോ;

(ഇ) ഭരണാനുമതി വൈകുന്നതുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ;

(എഫ്) പദ്ധതിയുടെ ഭരണാനുമതി വൈകുന്നതുമൂലം പദ്ധതി പൂർത്തീകരണത്തിനായി അധിക സാമ്പത്തിക സഹായം ആവശ്യമായി വരുമോ;

## കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

(ജി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചാൽ എത്ര ജനങ്ങൾക്ക് ഗുണം ലഭിക്കും;

(എച്ച്) മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഹൈലെവൽ കമ്മിറ്റി വിളിച്ചുകൂട്ടി ഈ 40 പദ്ധതികൾക്കും ഭരണാനുമതി നൽകുവാനുള്ള നടപടികൾ എടുക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഐ) സർക്കാരിന്റെ അടുത്ത ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതിയിൽ പ്രസ്തുത പദ്ധതികൾ ഉൾപ്പെടുത്താൻ ശ്രമിക്കുമോവെന്നറിയിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പദ്ധതി</u>

736 ശ്രീ. എം. എ. വാഹീദ്
'' കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ആദ്യഘട്ടത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇതു നടപ്പാനുദ്ദേശിക്കുന്നത്;

(ഇ) ഇതിന് ലോകബാങ്കിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി കനാൽ മെയിന്റനൻസിന് തുടർച്ചാനുമതി നൽകാൻ നടപടി</u>

737 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി കമ്മീഷൻ ചെയ്തതിന് ശേഷം പദ്ധതിയുടെ തുടർച്ചാനുമതി 2006 വർഷം വരെമാത്രം സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെടെ എല്ലാ ഗസറ്റഡ് ഓഫീസർമാരുടേയും ശമ്പളം മുടങ്ങാൻ സാധ്യതയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കനാൽ മെയിന്റനൻസ് പ്രവർത്തിക്കുവേണ്ടി ഉദ്യോഗസ്ഥരെ തിട്ടപ്പെടുത്തി 'സ്റ്റാഫ് പാറ്റേൺ' നിശ്ചയിക്കാനും പദ്ധതിയുടെ മെയിന്റനൻസ് നടത്തുന്നതിനായി തുടർച്ചാനുമതി നൽകാനും നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

മേജർ ഇറിഗേഷൻവകുപ്പിന്റെ പ്രവർത്തനങ്ങൾ

738 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദാംശം അറിയിക്കുമോ;

(ബി) 2011 - 12 വർഷത്തിൽ പുതുതായി ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നു അറിയിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കാവേരി സർക്കിളിന്റെ പ്രവർത്തനം

739 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാവേരി സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വിശദമാക്കമോ;

(ബി) ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാവേരി സർക്കിൾ കുട്ടനാട് പാക്കേജിന്റെ ഭാഗമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസ് വയനാട്ടിൽ നിന്നും മാറ്റരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ എടുത്തു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

740 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ആയത് എന്ന് പ്രവർത്തനം ആരംഭിച്ചതാണെന്നും തുക ഉൾപ്പെടെ വ്യക്തമാക്കുമോ ;

(ബി) 2011-12 വർഷത്തിൽ പുതുതായി ഏതൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>വടക്കുംമ്പാട് ഉമ്മൻചിറ അണക്കെട്ടിന്റെ നിർമ്മാണം</u>

741 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ വടക്കുംമ്പാട് ഉമ്മൻചിറ അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത അണക്കെട്ടിന്റെ ഡിസൈൻ അപ്രൂവ് ചെയ്യുന്നതിനും, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും കാലതാമസം നേരിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഈ അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

അണക്കെട്ടുകളുടെ നവീകരണം

742 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകൾ നവീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ജലസേചന വകുപ്പിന്റെ എത്ര അണക്കെട്ടുകൾ നവീകരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) പെരുവണ്ണാമൂഴി അണക്കെട്ട് നവീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

743 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടപ്രവർത്തനത്തിന്റെ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ലോകബാങ്ക് പ്രതിനിധികൾ ഇതു സംബന്ധിച്ച് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങളെകുറിച്ച് പഠിക്കാൻ നിയോഗിച്ചത് ആരെയാണ്; അതിനായി സർക്കാരിന് എന്ത് തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഇ) രണ്ടാംഘട്ട പദ്ധതിയുടെ അടങ്കൽ എത്ര തുകയാണ്; ഗുണഭോക്തൃവിഹിതം എത്ര ശതമാനമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുന്നിയൂര്‍ പഞ്ചായത്തിലെ ജലസേചനം</u>

744 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുന്നിയൂര്‍ പഞ്ചായത്തില്‍പ്പെട്ട മണ്ണെട്ടാംപാറ വ്യയര്‍ക്കംലോക്ക് ഉപയോഗശൂന്യമായി കിടക്കുന്നതിനാല്‍ ഈ പ്രദേശത്തിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുവാനും കൃഷിക്കാര്‍ക്ക് ജലസേചനം നടത്തുവാനും സാധിക്കാതെ വന്നകാര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ മിനി ഡാം പുനര്‍ നിര്‍മ്മിക്കുവാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

'എടയിപ്പാലം' തടയണ നിർമ്മാണം

745 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ 'എടയിപ്പാലം' തടയണ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) തടയണ നിർമ്മാണത്തിന്റെ പണി ധൃതഗതിയിൽ ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കായംകുളം മണ്ഡലത്തിലെ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം

746 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ നിർദ്ദേശിച്ചിരുന്നതും, കേന്ദ്ര സർക്കാരിന്റെ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ പരിധിയിൽ വരുന്നതുമായ പദ്ധതികൾ ഏതെല്ലാം ആണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) ഏതെല്ലാം പാടശേഖരങ്ങൾക്കാണ് സി. ഡബ്ള്യു. സി. അപ്രൂവൽ ലഭിച്ചിട്ടുള്ളത് ;

(ഡി) ഇനിയും സി.ഡബ്ള്യുസി. അപ്രൂവൽ ലഭിക്കാനുള്ള കായംകുളം മണ്ഡലത്തിലെ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ</u>

747 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പു മന്ത്രി 06.06.2011-ൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ചേർന്ന മണ്ഡലത്തിലെ ജലവിതരണ പദ്ധതിയുടെ അവലോകന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) അർബൻ വാട്ടർ സപ്ലൈ സ്കീം പ്രകാരം എൻ.ഡബ്ല്യൂ.എസ്.എസ്. അമരവിളസോൺ റീ കണ്ടീഷനിംഗ് ഓഫ് എക്സിസ്റ്റിംഗ് പമ്പ്, എൻ.ഡബ്ല്യൂ.എസ്.എസ്. റോ വാട്ടർ പമ്പ് ഹൗസ് റീകണ്ടീഷനിംഗ് ആന്റ് റീപ്ലെയിസിംഗ് ഓഫ് ഡാമേജ്ഡ് ഇംപെല്ലർ എന്നീ പദ്ധതികൾക്ക് റീപ്ലെയിസിംഗ് കോളം പൈപ്പ് ഓഫ് 40 എച്ച്.പി. വി.ടി. പമ്പ് അറ്റ് അരുവിപുറം പമ്പ് ഹൗസ് എന്നീ പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത യോഗത്തിൽ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇനി എന്തെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകാനുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അസുരൻകുണ്ട് ഡാമിന്റെ പുനരുദ്ധാരണ നടപടികൾ</u>

748 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അസുരൻകുണ്ട് ഡാമിലെ ചോർച്ചയെക്കുറിച്ചും അടിയന്തിര പ്രാധാന്യത്തോടെ സംരക്ഷണ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കേണ്ടതിനെക്കുറിച്ചുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അവ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭൂമി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി</u>

749 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പുല്ലിശ്ശേരി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ പുല്ലിശ്ശേരി സ്കൂളിനു സമീപത്തുള്ള സ്ഥലം കളിസ്ഥലമാക്കുന്നതിനായി കാതകുറിശ്ശി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>നെൽകൃഷിക്കായുള്ള ജലവിതരണ ശൃംഖല</u>

750 ശ്രീ. ഇ. പി. ജയരാജൻ
'' എം. ചന്ദ്രൻ
'' സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ ജലസേചനത്തിനായി ഇതിനകം വികസിപ്പിച്ചെടുത്ത ജലസേചന പദ്ധതികൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ ; ഇതു സംബന്ധമായി ജലസേചന വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) നെൽകൃഷിയുമായി ബന്ധപ്പെടുത്തി ജലവിതരണ ശൃംഖല പുനഃക്രമികരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി പൂർത്തീകരിക്കാൻ നടപടി</u>

751 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി, വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ മൂന്നുമാസമായി പണികൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക അടക്കമുള്ള ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തി പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മീറ്റർ റീഡർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ</u>

752 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാരുടെ അഭാവംമൂലം അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) 302 മീറ്റർ റീഡർ തസ്തിക സൃഷ്ടിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ജലവിഭവവകുപ്പിന്റെ ശുപാർശയോടെ ധനകാര്യവകുപ്പിന് അപേക്ഷ നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തുടർനടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ സർവ്വീസ് റൂൾസിലെ അപാകതകൾ</u>

753 ശ്രീ. പാലോട് രവി
,, വി.റ്റി. ബൽറാം
,, എ.പി. അബ്ദുള്ളക്കുട്ടി
,, എം.പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 1/3/2011 മുതൽ പ്രാബല്യത്തിൽ വന്ന അഡ്മിനിസ്ട്രേറ്റീവ് ആന്റ് മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസ് നടപ്പിലാക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രമോഷൻ സാധ്യതകൾ ഇല്ലാതാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വീസ് റൂൾസ് നടപ്പിലാക്കുമ്പോൾ 1/3/2011 നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച മുഴുവൻ ജീവനക്കാരുടേയും പ്രമോഷനുകൾ സംരക്ഷിക്കാൻ എന്തു നടപടിയാണ് സ്വീരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത സർവീസ് റൂൾസിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ട്രേഡ് യൂണിയനുകളുടേയോ മാനേജ്മെന്റിന്റേയോ നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം നൽകുന്നതിന് നടപടി</u>

754 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഇറിഗേഷൻ സെക്ഷനിൽ ജീവനക്കാരനായിരിക്കെ മരണപ്പെട്ട ശ്രീ. ടി.വി. ലക്ഷ്മണന്റെ മകൻ ടി.എൽ ഗാന്ധിക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നത്തേക്ക് നിയമനം നൽകാനാകും എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ഭാരതപ്പുഴയിൽ റഗുലേറ്ററുകളും തടയണകളും നിർമ്മിക്കുവാൻ നടപടി</u>

755 ശ്രീ. സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ-ചെങ്ങണാംകുന്നിലും പട്ടാമ്പിയിലും റഗുലേറ്ററുകളും കുന്തിപ്പുഴയിൽ കുഴക്കല്ലൂർ നാട്യമംഗലം, വിളയൂർ പാറക്കടവ്, തിരുവേഗപ്പുറ, മപ്പാട്ടുകര എന്നിവിടങ്ങളിൽ തടയണകളും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കടൽഭിത്തി നിർമ്മിക്കുവാൻ നടപടി

756 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തീരമേഖലയിൽ അതിരൂക്ഷമായ കടൽക്ഷോഭം നടക്കുന്ന സ്ഥലമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കടൽക്ഷോഭം മൂലം നിരവധി വീടുകൾ തകർന്നുപോകുന്നതിനാൽ ജനവാസം ദുരിതപൂർണ്ണമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കാൻ മുനമ്പം ബിവി ജാറം, മുറിഞ്ഞഴി തുടങ്ങി ഒരു കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

തടയണ നിർമ്മിക്കുന്നതിന് പദ്ധതി

757

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി പഴയപാലത്തോടനുബന്ധിച്ച് തടയണ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച പദ്ധതി നിർദ്ദേശം എപ്പോഴാണ് സർക്കാരിന് സമർപ്പിച്ചതെന്നും ഇപ്പോൾ അത് ഏതു ഘട്ടത്തിലാണെന്നും പറയാമോ;

(ഡി) ഈ പദ്ധതിയുടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം വെളിപ്പെടുത്തുമോ;

(ഇ) കുടിവെള്ളത്തിനും ജലസേചനത്തിനും വളരെ പ്രയോജനകരമായ ഈ പദ്ധതക്ക് ഭരണാനുമതി ലഭ്യമാക്കി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ബണ്ട് പുതുക്കി പണിയുന്നതിന് നടപടി</u>

758 ശ്രീ.എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എലത്തൂർ നിയോജകമണ്ഡലത്തിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിനേയും തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് കൊണ്ട് നിലവിലുള്ള മുക്കത്ത് താഴം ചുണ്ടിലോട്ടിപ്പാറ ബണ്ടും ചീർപ്പും, പൊട്ടിപ്പൊളിഞ്ഞ് ഏത് സമയത്തും തകർന്ന് പോകാവുന്ന അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ബണ്ട് പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

റഗുലേറ്റര്‍ കം ബ്രിഡ്ജ് നിര്‍മ്മാണം

759 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ പാണ്ടിക്കണ്ടം റഗുലേറ്റര്‍ കം ബ്രിഡ്ജ് നിര്‍മ്മിക്കുന്നതിന് ഭരണാനുമതി നല്‍കിയിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്‍കി ടെന്‍ഡര്‍ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍ കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഇ) സാങ്കേതികാനുമതിക്കായി മേല്‍പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നാണ് ചീഫ് എഞ്ചിനീയറുടെ ഓഫീസില്‍ വന്നിട്ടുള്ളത്;

(എഫ്) ടെന്‍ണ്ടര്‍ ചെയ്യാന്‍ കാലതാമസം നേരിടുന്നത് മൂലം ഭരണാനുമതി നല്‍കിയ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാന്‍ സാധിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മണിപ്പുഴയിലും, കുറമാലിപ്പുഴയിലും കരഇടിയൽ ഭീഷണി</u>

760 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന മണലിപ്പുഴയും, പറപ്പൂക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കുറുമാലിപ്പുഴയും ഗതിമാറി ഒഴുകുവാൻ സാധ്യതയുള്ള വിധത്തിൽ യഥാക്രമം പുലക്കാട്ടുകരയിലും, പൊട്ടിപ്പാൾ, പള്ളത്തും ഗുരുതരമായി കരഇടിയുന്ന ഭീഷണി ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി തവണ നിവേദനം നൽകിയിട്ടും ഈ രണ്ട് ഭാഗവും കെട്ടുന്നതിന് നടപടി ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അടിയന്തിരമായി രണ്ട് പ്രദേശങ്ങളും കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചമ്പക്കുളം കമ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കുള്ള കുടിവെള്ള കുഴൽ കിണറിന്റെ നിർമ്മാണം</u>

761 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം കമ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കുള്ള കുടിവെള്ള കുഴൽകിണറിന്റെ നിർമ്മാണം പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞിട്ടും പമ്പ് ഹൗസ് നിർമ്മിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പമ്പ്ഹൗസ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ബ്ലോക്ക് പഞ്ചായത്ത് പമ്പ്ഹൗസ് നിർമ്മാണത്തിനുള്ള തുക അനുവദിച്ച സാഹചര്യത്തിൽ ടെണ്ടർ ചെയ്ത് പ്രവർത്തി ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 28.09.2011-ലെ മറുപടിക്ക്

ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് നടപടി

762 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനും ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>അങ്ങാടിപ്പുറം റൂറൽ വാട്ടർ സ്കീം</u>

763 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റൂറൽ വാട്ടർ സ്കീം പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പദ്ധതി ഈ മാസം കമ്മീഷൻ ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജകമണ്ഡലത്തിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് കർമ്മ പദ്ധതി</u>

764 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിലെ ജലവിതരണ സംവിധാനം നിലവിലില്ലാത്തതും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതുമായ പ്രദേശങ്ങളെ കുളത്തൂപ്പുഴ ജലവിതരണ പദ്ധതിയിലും മീനാട് ജലവിതരണ പദ്ധതിയിലും ഉൾപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിയ്ക്കു രൂപം നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പമ്പ് ഹൗസുകളുടെ റിപ്പയറിംഗ്</u>

765 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കേടായ ട്യൂബ് വെല്ലുകളുടെ അറ്റകുറ്റപ്പണികൾ കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെയ്ത പ്രവൃത്തികളുടെ പണം കിട്ടാത്തതുമൂലമുള്ള കരാറുകാരുടെ സമരത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം ജില്ലയിൽ കരാറുകാരുടെ സമരംമൂലം ജലവിതരണം മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പുരോഗതി

766 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വെട്ടിമുറിച്ച റോഡുകൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിമൂലം ഇതിനോടകം ഏതെല്ലാം പ്രദേശങ്ങളിൽ എത്രപേർക്ക് ഗുണമുണ്ടായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണ പദ്ധതി</u>

767 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ നിലവിലിരിക്കുന്ന പല കുടിവെള്ളവിതരണ പദ്ധതികളും പഴക്കം ചെന്ന പൈപ്പും മറ്റു പമ്പിംഗ് തകരാറുകളുംമൂലം ഫലപ്രദമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ നവീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കരുനാഗപ്പള്ളി - ഓച്ചിറ കുടിവെള്ള പദ്ധതി

768 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി - ഓച്ചിറ കുടിവെള്ള പദ്ധതിയിൽ വെള്ളം ലഭിക്കുന്നില്ലായെന്ന പരാതി പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓച്ചിറ കുടിവെള്ള പദ്ധതിയിൽ ആലപ്പാട് പഞ്ചായത്തു കൂടി ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ളം ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കുന്നുമ്മൽ കുടിവെള്ള പദ്ധതി</u>

769 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുൾപ്പെടെ ഇനി പൂർത്തീകരിക്കാൻ ഏതൊക്കെ പദ്ധതികൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) കാലതാമസം ഒഴിവാക്കി പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കുട്ടനാട് കുടിവെള്ള പൈപ്പുലൈനുകൾ</u>

770 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റുന്നതിന് പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് 24-11-2010 ൽ നം. ഡബ്ല്യൂ-11042/46/2010/വാട്ടർ. പ്രകാരം കേന്ദ്രസർക്കാരിന്റെ കുടിവെള്ള വിതരണ ഗ്രാമവികസന വകുപ്പ് മന്ത്രാലയം സമർപ്പിച്ച അപേക്ഷയിൻ മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ''ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ കുട്ടനാട്'' പ്രസ്തുത പദ്ധതിയിൽപ്പെടുത്തി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>തരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം</u>

771 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കുത്തന്നൂർ പെരിങ്ങോട്ടുകുറിശ്ശി പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ആയത് നടപ്പിലാക്കാനുള്ള ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ഇ) പദ്ധതിയുടെ പ്രരാംഭഘട്ടമെന്നനിലയിൽ ഒരു ജലശുദ്ധീകരണശാല അടിയന്തിരമായി നിർമ്മിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി</u>

772 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമങ്ങോട് സമഗ്ര ശുദ്ധജല പദ്ധതിയിൽ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ പഞ്ചായത്തു പ്രദേശങ്ങളാണ് ഉൾപ്പെടുന്നത്;

(ബി) ഈ പഞ്ചായത്തുകളിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ശുദ്ധജലം ലഭിക്കും ;

(സി) എന്നത്തേക്കാണ് ഇത് കമ്മീഷൻ ചെയ്യാൻ കഴിയുക; ഇതിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>കിളിമാനൂർ കുടിവെള്ള പദ്ധതി</u>

773 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ വിഭാഗം നടപ്പിലാക്കുന്ന ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ കുടിവെള്ള പദ്ധതി (കിളിമാനൂർ-പഴയകുന്നുമ്മേൽ-മടവൂർ പഞ്ചായത്തുകൾ ഉൾപ്പെട്ടത്) സ്ഥലമെടുപ്പ് പൂർത്തിയായ സ്ഥിതിയിൽ പദ്ധതി നിർവ്വഹണ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്ക് എത്ര തുകയാണ് അടങ്കൽ പ്രതീക്ഷിക്കുന്നത്;

(സി) പദ്ധതി എന്ന് ടെൻഡർ ചെയ്യാൻ കഴിയുമെന്നും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് എന്നും വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം</u>

774 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡ് നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി</u>

775

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾക്ക് സൗകര്യപ്രദമായ ചെറുകിട പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

മംഗലം ഡാം കുടിവെള്ള പദ്ധതി

776 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനായി എന്തെങ്കിലും
നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>കുഴൽമന്ദം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

777 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കുഴൽമന്ദം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ ;

(ബി) പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പൂർത്തിയാക്കിയ ചെറുകിട - വൻകിട ശുദ്ധജല പദ്ധതികൾ</u>

778 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2010 വരെ സംസ്ഥാനത്തു എത്ര വൻകിട ചെറുകിട ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളെന്ന് പ്രത്യേകം വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര പദ്ധതികളാണ് പണി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2010-ന് ശേഷം ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

# 28.09.2011-ലെ മറുപടിക്ക്

ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

779 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർക്കല ഫേസ് കകക ൽ വരന്ന ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അവസാനഘട്ടം നടത്തേണ്ട പണികൾക്ക് പ്രോജക്ട് സമർപ്പിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതി എസ്.എൽ.ഇ.സി. പാസ്സായിട്ട് സാങ്കേതിക പരിശോധനയ്ക്കായി സി.ടി. യ്ക്ക് ഫയൽ അയച്ചിട്ട് നാളിതുവരെ സി.ടി. പരിശോധന കഴിഞ്ഞിട്ടില്ല എന്നറിയുന്നത് ശരിയാണോ എന്നറിയിക്കുമോ;

(ഡി) ഏറെ ശുദ്ധജലക്ഷാമം നേരിടുന്ന ഈ പ്രദേശത്ത് ഗുണം ചെയ്യുന്ന പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉന്നത ഉദ്യോഗസ്ഥർ നടത്തുന്ന കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികള്‍</u>

780 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നൂറ് ദിവസത്തിനകം ഭരണാനുമതി നല്‍കിയ പദ്ധതികള്‍ ഏതെല്ലാമാണെന്നും ഇവ എന്നത്തേക്ക് പൂര്‍ത്തീകരിക്കുവാന്‍ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

781 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ആദ്യഘട്ടത്തിൽ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളത് ;

(സി) ആദ്യഘട്ട നിർമ്മാണ പൂർത്തികരണത്തിന് ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ചെയ്ത് തീർക്കേണ്ടതായിട്ടുള്ളത് ;

(ഡി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ</u>

782 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ കാരണം ശുദ്ധ ജലവിതരണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പോരായ്മകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് പരിഹാരം കാണുവാൻ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(സി) കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങളും നടപ്പു സാമ്പത്തിക വർഷത്തിൽ അതിനുള്ള ബജറ്റ് വിഹിതം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കുടിവെള്ളപദ്ധതിപ്രവര്‍ത്തനക്ഷമമാക്കുവാന്‍ നടപടി</u>

783 ശ്രീ. കെ.എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്നിയൂര്‍, തേഞ്ഞിപ്പാലം ചേലേമ്പ്ര പഞ്ചായത്തുനിവാസികള്‍ക്കായി സ്ഥാപിതമായ കുടിവെള്ള പദ്ധതിപ്രവവര്‍ത്തനക്ഷമമാക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ആവശ്യമായ മോട്ടോറുകള്‍ സ്ഥാപിച്ചും കേടുവന്ന പൈപ്പുലൈനുകള്‍ മാറ്റിയും ഉപയോഗിക്കാതെ കിടക്കുന്ന വാട്ടര്‍ ടാങ്ക് പ്രയോജനപ്പെടുത്തിയും ഈ പദ്ധതി കാര്യക്ഷമമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>യൂഡിസ്മാറ്റ് ശുദ്ധജലപദ്ധതി</u>

784 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുഡിസ്മാറ്റ് പദ്ധതിപ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലപദ്ധതിക്കുവേണ്ടി, സുനാമി പുനരധിവാസപദ്ധതി പ്രകാരം നിർമ്മിച്ച തീരദേശപാത നെടുകെ വെട്ടി പിളർന്ന് പൈപ്പുലൈൻ സ്ഥാപിക്കാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശപാത വെട്ടി കുഴിക്കുന്നതിനുപകരം ബദൽ സംവിധാനം കണ്ടെത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(സി) കടൽഭിത്തിയോട് ചേർന്ന് പ്രത്യേക കാന നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ കഴിയുമോ എന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

785 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(സി) പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>കന്നിപ്പുറം നടപ്പാത നിർമ്മാണം</u>

786 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽപ്പെട്ട കന്നിപ്പുറം നടപ്പാത നിർമ്മാണം ആവശ്യപ്പെട്ട് സ്ഥലം നിയമസഭാ അംഗം ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം തുടർ നടപടിക്കായി ചീഫ് എൻജിനിയർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ;

(ബി) കന്നിപ്പുറം നടപ്പാതയ്ക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രദേശത്തിന്റെ ആവശ്യങ്ങളും സ്കൂൾ കുട്ടികൾ അനുഭവിക്കുന്ന പ്രയാസവും കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിലെ ഡാം റിനൊവേഷൻ</u>

787 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ ''റിനൊവേഷൻ ഓഫ് (എസ്. ഡബ്ല്യൂ.ഇ) ഡാം ആന്റ് പ്രൊവൈഡിംഗ് എ ട്രാക്ടർ വേ അറ്റ് നമ്പ്യാർക്കാൻ'' എന്ന പദ്ധതിയുടെ ടെൻഡർ കഴിഞ്ഞ് എത്രകാലമായി എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തുകൊണ്ടാണ് ടെൻഡർ അംഗീകരിച്ച് കരാർ ഒപ്പ് വെയ്ക്കാത്തത് എന്ന് അറിയിക്കുമോ ;

(സി) ഇതുസംബന്ധിച്ച തീരുമാനം എപ്പോൾ എടുക്കുമെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കല്ലേരിപ്പറമ്പിൽ - പള്ളിത്താഴ റോഡ്</u>

788 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര - മാഹി കനാൽ നിർമ്മാണത്തിന് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് അക്വയർ ചെയ്ത ആയഞ്ചേരി പഞ്ചായത്തിലെ കുറ്റിവയൽ പ്രദേശത്തെ കല്ലേരി പറമ്പിൽ - പള്ളിത്താഴ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തിന് റോഡ് പരിഷ്ക്കരണത്തിന് അനുമതി നൽകുന്നതിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ഉപജലപാതകളുടെ ആഴം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

789 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ജലപാതയില്‍ നിന്നും കായംകുളം പട്ടണത്തിലേയ്ക്കുള്ള ഉപജലപാതകളുടെ ആഴം വര്‍ദ്ധിപ്പിച്ച് ജലഗതാഗതം സുഗമമാക്കുന്നതു സംബന്ധിച്ചുള്ള പദ്ധതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) കൃഷി സ്ഥലങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനായി കായംകുളം കായലിന് കരിങ്കല്‍ ഭിത്തിയും റിംഗ് ബണ്ടും, സ്ളൂയിസ് കം കല്‍വര്‍ട്ടുകളും നിര്‍മ്മിക്കുന്നതു സംബന്ധിച്ച അപേക്ഷ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിന്മേല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

നടപ്പാലം നിർമ്മാണം

790 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ആറ്കടമ്പ തോടിനു കുറുകെ സി.എം. എസ്, എൽ.പി.എസും ആയി ബന്ധിപ്പിക്കുന്ന നടപ്പാലം, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ വലിയതോടിനു കുറുകെ വടക്കൻ കോയിക്കൽ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്ന നടപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>വടകര-മാഹി കനാൽ</u>

791 ശ്രീമതി.കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും എങ്കിൽ ഏത് വർഷമാണ് അക്വിസിഷൻ പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര മീറ്റർ വീതിയിലും ആഴത്തിലുമാണ് കനാൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കനാൽ നിർമ്മാണത്തിന് കേന്ദ്ര സഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ ; എന്നും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ഹൗസ് ബോട്ടുകളുടെ സർവ്വീസ് ലൈസൻസിന്റെ മാനദണ്ഡങ്ങൾ

792 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളുമായിപോയ ഹൗസ് ബോട്ട് വേമ്പനാട്ടു കായലിൽ മുങ്ങാനിടയായ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) കാലപ്പഴക്കം ചെന്ന ബോട്ടുകൾ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാതെ സർവ്വീസ് നടത്തുന്നതിനാലാണ് ഇത്തരം അപകടം ഉണ്ടാകുന്നതെന്ന് പരാതിയുണ്ടായിട്ടുണ്ടോ;

(സി) ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്ന രീതിയിലെ അപാകവും കനാൽ ഓഫീസർ വേണ്ടത്ര പരിശോധന നടത്താതെ ലൈസൻസ് നൽകുന്നതുമാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

**<u>ജലഗതാഗത വകുപ്പ് വാങ്ങിയ ഫൈബർ ബോട്ടുകൾ</u>**

793 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജലാഗതാഗത വകുപ്പിന് എത്ര ഫൈബർ ബോട്ടുകളാണ് വാങ്ങി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ജലവകുപ്പിലെ തടി ബോട്ടുകൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നതിന് പകരം ഫൈബർ ബോട്ടുകൾ വാങ്ങാൻ ഉത്തരവിട്ടത് ആരു മന്ത്രിയായിരുന്നപ്പോഴാണ്;

(സി) കനാൽ ഓഫീസറുടെ പരിശോധന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) സർവ്വീസ് നടത്താതെ ഫൈബർ ബോട്ടുകൾ എവിടെയെല്ലാമാണ് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത്;

(ഇ) പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഫൈബർ ബോട്ടുകൾ വാങ്ങിയവകയിൽ ഇതുവരെ എത്രകോടിയുടെ നഷ്ടമുണ്ടായെന്ന് അറിയിക്കുമോ?